## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1797** **15-03-2022 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. യുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ ഗതാഗത നയം വ്യക്തമാക്കുമോ; | (എ) | പൊതുഗതാഗത സംവിധാനം ഉൾപ്പെടെയുള്ള എല്ലാവിധ യാത്രാസൗകര്യങ്ങളും മെച്ചപ്പെടുത്തി അതുവഴി സംസ്ഥാന വികസനം ത്വരിതപ്പെടുത്തുക എന്നതാണ് സർക്കാർ നയം. |
| (ബി) | കെ.എസ്.ആർ.ടി.സി. യ്ക്ക് ബസ്സുകൾ വാങ്ങുന്നതിനായി 2016 മുതൽ നാളിതു വരെ എത്ര രൂപ അനുവദിച്ചുവെന്നും ഈ കാലയവിൽ എത്ര ബസ്സുകൾ വാങ്ങിയെന്നും വ്യക്തമാക്കുമോ ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി ഹഡ്കോയിൽ നിന്നും 95.30 കോടി രൂപ വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ബസ്സുകൾ വാങ്ങുന്നതിനായി പദ്ധതി വിഹിതമായി ടി സാമ്പത്തിക വർഷത്തിൽ 19.61 കോടി രൂപ സർക്കാർ, കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി 50 കോടി രൂപ ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തിയെങ്കിലും, പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്ത് നൽകിയിരുന്നില്ല. തുടർന്ന് ടി 50 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ അനുവദിക്കുകയും, പ്രസ്തുത തുക ഉപയോഗിച്ച് 116 സൂപ്പർ ക്ലാസ്സ് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുമുണ്ട്. ഉടൻ തന്നെ ടി ബസ്സുകൾ നിരത്തിലിറക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2016 മുതൽ 2021 വരെ 101 ബസുകൾ (100 ഡീസൽ ബസ് + 1 സി.എൻ.ജി.) വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്. |
| (സി) | വിവിധ ബാങ്കുകളുടെ കൺസോർഷ്യത്തിന് വായ്പ ഇനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര രൂപ ഒടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി. വിവിധ ബാങ്കുകളുടെ കൺസോർഷ്യം വഴി എടുത്ത വായ്പയുടെ തിരിച്ചടവിനത്തിൽ പ്രതിദിനം 98 ലക്ഷം രൂപ ഒടുക്കുന്നുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പൊതു ഗതാഗതത്തിലെ പങ്ക് കൂട്ടുന്നതിന് കഴിഞ്ഞ | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പൊതു ഗതാഗതത്തിലെ പങ്ക് കൂട്ടുന്നതിന് കഴിഞ്ഞ അഞ്ചു |

| | | | |
|---|---|---|---|
| | അഞ്ചുവർഷമായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | | വർഷമായി വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു: 2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതുതായി കൂടുതൽ യാത്രാവശ്യമുള്ളതും ഗുണകരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തിയും ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ച് പ്രതിദിന വരുമാനം 10 കോടിയാക്കി വർദ്ധിപ്പിക്കാൻ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ചുവടെ ചേർക്കുന്ന പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. (i) സിറ്റി സർക്കുലർ - 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗരപരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. (ii) സമുദ്ര ബസ് പദ്ധതി - മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ വ്യത്യസ്ഥ നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തു വരുന്നു. (iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ് - കെ.എസ്.ആർ.ടി.സി. ലോഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്ര വാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. (iv) ബൈപ്പാസ് റൈഡർ / ചെയിൻ സർവ്വീസുകൾ / വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ - ലോ ഫ്ളോർ എ.സി. ബസ്സുകൾ കൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം - കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾ വഴി ബൈപാസ് റൈഡർ ആയി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. (v) സിറ്റി ഷട്ടിൽ സർവ്വീസുകൾ - തിരുവനന്തപുരം നഗരത്തിലെ പൊതു ഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി |

| | | | |
|---|---|---|---|
| | | | സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തി വരുന്നു. ഗ്രാമാതിർത്തിയിൽ നിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ എത്തിക്കുന്നതിനു വേണ്ടിയുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. (vi) സിറ്റി റേഡിയൽ സർവ്വീസ് - തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്ത് നിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ. ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീ കരിക്കുകയും മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുകയും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുകയും സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുകയും ദീർഘദൂര യാത്രക്കാർക്ക് സൗകര്യപ്രദമായ നിരവധി സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിരുന്നു. |
| (ഇ) | ഇനി മുതൽ പുതിയ ബസ്സുകൾ ഇറക്കുന്നത് കെ.എസ്.ആർ.ടി.സി. ആയിരിക്കുമോ സ്വിഫ്റ്റ് എന്ന കമ്പനി ആയിരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ